# 2010 ഏപ്രിൽ 2

# ദു:ഖവെള്ളി

**ഫാ. ഗീവർഗീസ് വല്ല്യചാങ്ങവീട്ടിൽ**

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള സ്നേഹത്തിന്റെ ബലി ഗോഗുൽത്തായിലെ കുരിശിൽ നടന്ന ദിനമാണിന്ന്. സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് (യോഹ 15:13) പഠിപ്പിച്ച യേശു കുരിശിൽ നടത്തിയ സ്നേഹസമർപ്പണത്തിന്റെ ഓർമ്മ ക്രൈസ്തവരായ നാമിന്ന് അനുസ്മരിക്കുന്നു. ഗോഗുൽത്തായിൽ ഉയർത്തപ്പെട്ട കുരിശിനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കണം. അതിൽ ക്രിസ്തുവുണ്ടാകണം. കുരിശിൽ ക്രിസ്തുവിനെ കാണുന്നവർക്കാണ് ദു:ഖവെള്ളി രക്ഷയുടെ ദിനമാകുന്നത്. അതിനാൽ ഇന്നത്തെ ചിന്തകൾ നാം കേന്ദ്രീകരിക്കുന്നത് കുരിശിലാണ്.

ക്രിസ്തുവിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവരെല്ലാം നയിക്കേണ്ട ജീവിതമാണ് കുരിശ് നമ്മെ പഠിപ്പിക്കുന്നത്. ക്രിസ്തു നമുക്കും, നാം ക്രിസ്തുവിനും സ്വന്തമാകുവാൻ സഹായിക്കുന്നത് കുരിശാണ്. പൂർണവും ആത്മദാനപരവുമായ സ്നേഹമാണ് കുരിശ് നല്കുന്ന സന്ദേശം. സ്നേഹിക്കുന്നവരുടെ, സ്വന്തമായി കൂടെചേർത്തുനിർത്തുന്നവരുടെ നന്മയ്ക്ക് നിസ്വാർത്ഥമായി ത്യാഗപൂർവം സ്വയം നൽകുന്നതാണ് ഉദാത്തമായ സ്നേഹം. അങ്ങനെയെങ്കിൽ യേശുവിന്റെ കുരിശിലെ ബലിയർപ്പണം ഉത്കൃഷ്ടമായ മനുഷ്യസ്നേഹത്തിന്റെ സാക്ഷ്യമാണ്.

കുരിശിന്റെ വഴിയിൽ കടന്നുവന്ന് ക്രിസ്തുവിനെ സ്വന്തമാക്കിയ മൂന്നു വ്യക്തികളെ ഗോഗുൽത്തായിലേക്കുള്ള യേശുവിന്റെ യാത്രയിൽ നാം കാണുന്നു. കുരിശിന്റെ വഴി എന്ന ഭക്താഭ്യാസത്തിന്റെ വിവിധ സ്ഥലങ്ങളിൽ നാമിവരെ കണ്ടുമുട്ടുന്നു.

**കുരിശുവഹിക്കാൻ യേശുവിനെ സഹായിക്കുന്ന ശിമയോൻ**

(മത്താ 27:32, മർ 15:21, ലൂക്കോ 23:26)

യേശുവിനെ ജീവനോടെ ക്രൂശിക്കണം എന്നാഗ്രഹിച്ച പടയാളികൾ കുരിശുവഹിക്കാൻ ശിമയോനെ നിർബന്ധിക്കുന്നു. വെറുമൊരു കാഴ്ചക്കാരനായിരുന്ന ശിമയോൻ സ്വന്തം ഇഷ്ടത്താലല്ല, മറിച്ച് നിർബന്ധത്താലാണ് കുരിശു വഹിക്കുന്നത്. യേശുവിനോടുള്ള സ്നേഹപ്രകടനമായി അതിനെ തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹത്തിന് കുരിശ് ഭാരമുള്ളതായി തോന്നിയതേയില്ല. അങ്ങനെ അവൻ ക്രിസ്തുവിനും, ക്രിസ്തു അവനും സ്വന്തമായി. നമ്മുടെ ജീവിതത്തിലും നാം സ്നേഹിക്കുന്നവർക്കുവേണ്ടി സ്നേഹപൂർവം സഹനങ്ങൾ ഏറ്റെടുക്കേണ്ടിവരും. അത് നമ്മിൽ ക്രിസ്തു രൂപപ്പെടുന്നതിന് കാരണമാകാം.

**കർത്താവിന്റെ തിരുമുഖം തുടച്ച ഭക്തയായ വേറോനിക്കാ**

വിശുദ്ധ സുവിശേഷങ്ങൾ നേരിട്ട് സൂചന നൽകാത്ത കഥാപാത്രമാണ് വേറോനിക്കാ. എന്നാൽ സഭയുടെ ഉറവിട സൂചകഗ്രന്ഥങ്ങളിൽ (Acta Sanctorum) വിവരിക്കുന്ന ഭക്തയായ സ്ത്രീയാണിവൾ. സ്നേഹത്താൽ പ്രചോദിതയായി അവൾ യേശുവിന്റെ മുഖം തുടയ്ക്കുന്നു. അപ്പോൾ അവൾ കണ്ടത് താബോറിൽ രൂപാന്തരപ്പെട്ട മുഖമല്ല, മറിച്ച് മുറിവേല്പിക്കപ്പെട്ട മനുഷ്യപുത്രന്റെ മുഖമാണ്. അന്നത്തെ യഹൂദ പശ്ചാത്തലത്തിൽ തനിക്കു മുമ്പിലുണ്ടായിരുന്ന പ്രതിസന്ധികളെയെല്ലാം തരണം ചെയ്താണ് അവൾ യേശുവിന്റെ അടുത്തെത്തുന്നത്. അവൾ കാണിച്ച സ്നേഹത്തിന് പ്രതിനന്ദിയായി യേശുവിന്റെ മുഖം തൂവാലയിൽ പതിക്കുന്നു. യഥാർത്ഥത്തിൽ അവളുടെ ഹൃദയത്തിലാണ് യേശുവിന്റെ മുഖം പതിഞ്ഞത്. അങ്ങനെ അവൾ യേശുവിനും, യേശു അവൾക്കും സ്വന്തമായി. പ്രതിസന്ധികളെല്ലാം ക്ഷമയോടെ മറികടന്ന് കുരിശിന്റെ വഴിയിലൂടെ യേശുവിനെ സമീപിക്കാൻ നമുക്കും സാധിക്കണം.

**യേശുക്രിസ്തു ആശ്വസിപ്പിക്കുന്ന ജറുസലേമിലെ സ്ത്രീകൾ**

(ലൂക്കോ 23:27)

വി. ലൂക്കോസ് മാത്രം വിവരിക്കുന്ന സമൂഹമാണിത്. കുരിശിന്റെ വഴിയിൽ യേശുവിനോട് സഹതാപവും അനുകമ്പയും തോന്നി നിലവിളിക്കുന്ന സ്ത്രീകളും കുട്ടികളും; അവർ യേശുവിന്റെ പ്രവർത്തികളുടെ സത്ഫലങ്ങൾ സ്വീകരിച്ച സമൂഹത്തിലെ അംഗങ്ങളാകാം. ഇവരുടെ സ്നേഹം തിരിച്ചറിഞ്ഞ യേശു സ്വന്തം തോളിൽ ഭാരമുള്ള കുരിശ് വഹിക്കുമ്പോഴും അവരെ ആശ്വസിപ്പിക്കുന്നു. അവരുടെ സ്നേഹപ്രകടനം സമൂഹം അവരുടെമേൽ ഏല്പിച്ചിരുന്ന പരിധികളും പരിമിതികളും അതിലംഘിക്കുന്നതായിരുന്നു. അത് അവരെ ക്രിസ്തുവിനും, ക്രിസ്തുവിനെ അവർക്കും സ്വന്തമാക്കി. സഹനാനുഭവങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും നമ്മുടെ ദൈവമാണ്. നിസ്വാർത്ഥ സ്നേഹത്തിന്റെ ഭാവമാണ് അനുകമ്പ. മറ്റുള്ളവരുടെ സഹനങ്ങളിൽ നാം പങ്കാളികളാകുമ്പോൾ ക്രിസ്തുവിനെ അനുഗമിച്ച ഈ സമൂഹത്തോട് സദൃശ്യരാകും.

കുരിശ് കാണിച്ചുതരുന്ന ജീവിതശൈലി അനുകരിക്കുന്നവർക്ക് മാതൃകയായി ഈ മൂന്നു കൂട്ടരും ചരിത്രത്തിൽ നിലനിൽക്കുന്നു.

**എന്താണ് കുരിശു നല്കുന്ന ജീവിതം?**

ജീവിച്ചിരുന്നപ്പോൾ യേശു നടത്തിയ പീഡാനുഭവ പ്രവചനങ്ങൾ അവയോട് ചേർത്ത് പറയുന്ന സംഭവങ്ങളും അത് വ്യക്തമാക്കുന്നു. ഒന്നാമതായി, സ്വയം പരിത്യജിച്ച് കുരിശുമെടുത്ത് തന്നെ അനുഗമിക്കുന്നതാണ് (മർക്കോ 9:31-38) കുരിശിന്റെ ജീവിതമെന്ന് യേശു പറയുന്നു. ഭൗതിക സംരക്ഷണം നഷ്ടപ്പെടുന്നതാണ് ഈ ജീവിതം.

രണ്ടാമതായി, വഴിയിൽ വച്ച് എന്തിനെക്കുറിച്ചാണ് തർക്കിച്ചതെന്ന് മനസ്സിലാക്കിയ യേശു ഒരു ശിശുവിനെ എടുത്ത് മധ്യത്തിൽ നിർത്തി പറയുന്നു എന്റെ നാമത്തിൽ ശിശുവിനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മർക്കോ 9:30-37). സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടെ, നിസ്സാരരുടെ, നിഷ്കളങ്കരുടെ പ്രതീകമാണ് ശിശു. അവരെ സ്വന്തമായി സ്വീകരിക്കുന്നതാണ് കുരിശിലെ ജീവിതം. അപ്പോൾ ക്രിസ്തു നമുക്ക് സ്വന്തമാകും. ക്രിസ്തുവിനെ സ്വീകരിക്കുന്നവർക്കെല്ലാം കുരിശ് സ്വന്തമാണ്.

മൂന്നാമതായി, യാക്കോബിന്റെയും യോഹന്നാന്റെയും ആവശ്യത്തിനുമുമ്പിൽ കുരിശിന്റെ ജീവിതം എന്താണെന്ന് യേശു വ്യക്തമാക്കുന്നു. ദാസനും ശുശ്രൂഷകനുമാകാൻ... ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാൻ... അങ്ങനെ എല്ലാവർക്കും മോചനദ്രവ്യമാകാൻ... (മർക്കോ 10:32-45). ഇതാണ് കുരിശിൽ വെളിപ്പെടുന്ന ക്രിസ്തീയ ജീവിതം.

ചുരുക്കത്തിൽ, നിസ്വാർത്ഥ സ്നേഹത്തിന്റെ വ്യത്യസ്ത ഭാവങ്ങളാണ് കുരിശിൽ പ്രകടമാകുന്നത്. അങ്ങനെയെങ്കിൽ സ്നേഹിക്കുന്നവരെല്ലാം നയിക്കേണ്ട ജീവിതമാണ് കുരിശിൽ വെളിപ്പെടുന്നത്. മാതാപിതാക്കൾ പരസ്പരവും, അവർ മക്കളേയും, മക്കൾ മാതാപിതാക്കളേയും, നിസ്വാർത്ഥമായി സ്നേഹിക്കുമ്പോൾ കുരിശിന്റെ ജീവിതം അവർക്ക് സ്വന്തമാകും. എന്നാൽ സ്നേഹിക്കാൻ തയ്യാറാകാതിരിക്കുന്നവർക്ക് കുരിശ് അർത്ഥശൂന്യവും ശാപത്തിന്റെ അടയാളവുമാകും. നിലത്തുവീണഴിയുന്ന ഗോതമ്പുമണിപോലെ, തന്നോട് ചേർന്നു നിൽക്കുന്നവർക്കായി ആത്മാർപ്പണം ചെയ്യാൻ കുരിശു നമ്മെ നിർബന്ധിക്കുന്നു. നിറഞ്ഞ സന്തോഷത്തോടെ കുരിശുകൾ വഹിക്കുന്നവരാണ് കുരിശിന്റെ ജീവിതത്തിനർഹർ. അവരിൽ ക്രിസ്തുവും, ക്രിസ്തുവിൽ അവരും വസിക്കും. അപ്പോൾ ദു:ഖവെള്ളിക്കുശേഷമുള്ള ഉത്ഥാനം ലക്ഷ്യമാക്കി ക്രിസ്തീയജീവിതം നയിക്കാൻനമുക്ക് കഴിയും.